<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ജഗതി, തിരുവനന്തപുരം-14
Email Id:pfsectiondhse@gmail.com
ഫോൺ നമ്പർ : 0471 -2580733

**നം. HSE/536/2026-Fin PF1** **തീയതി 08-01-2026**

## <u>സർക്കുലർ</u>

–

വിഷയം : പൊ.വി.വ-ഹ.സെ.വി-ഫിൻ- ഹയർസെക്കന്ററി എയ്ഡഡ് ജീവനക്കാരുടെ TA/NRA അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ രീതിയിലേയ്ക്ക് മാറുന്നത്- സംബന്ധിച്ച്.

സൂചന : ഹയർസെക്കന്ററി സീനിയർ ഫിനാൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ 27/12/2025 തീയതിയിൽച്ചേർന്ന യോഗ തീരുമാനം.

ഹയർസെക്കന്ററി എയ്ഡഡ് ജീവനക്കാരുടെ പി.എഫ് ൽ നിന്നുള്ള TA/NRA എന്നിവയ്ക്കുള്ള അപേക്ഷകൾ GIAN PF സൈറ്റിലൂടെ നൽകുന്നതു കൂടാതെ ഫിസിക്കൽ കോപ്പി കൂടി ലഭ്യമായ ശേഷമാണ് നിലവിൽ പ്രോസസ്സ് ചെയ്യുന്നത്. എല്ലാ ജീവനക്കാർക്കും 2024-25 വർഷംവരെയുള്ള ക്രെഡിറ്റ് കാർഡുകൾ ലഭ്യാമാകാതിരുന്നതിനാലാണ് ഇപ്രകാരം ഫിസിക്കൽ കോപ്പികൾ കൂടി പരിശോധിക്കേണ്ടതായി വന്നത്. 100% പേപ്പർലെസ് ഓഫീസ് ആക്കുക എന്ന സർക്കാർ നയത്തെ മുൻനിർത്തി മേൽ വിഷയത്തിൽ പുനഃപരിശോധന നടത്തുന്നതിനായി 27/12/2025 തീയതിയിൽ ഹയർസെക്കന്ററി സീനിയർ ഫിനാൻസ് ഓഫീസറുടെ ചേമ്പറിൽ യോഗം ചേരുകയുണ്ടായി. വ്യവസ്ഥകൾക്കു വിധേയമായി ഇനി മുതൽ TA/NRA അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിച്ചാൽ മതിയാകുമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനമാവുകയുമുണ്ടായി. ആയതിനാൽ 15/01/2026 തീയതി മുതൽ TA/NRA അപേക്ഷകൾ ഓൺലൈനായി മാത്രം നൽകിയാൽ മതിയാകും.

ഹയർസെക്കന്ററി വിഭാഗത്തിൽ നിന്നുള്ള ക്രെഡിറ്റ് കാർഡ് ഇല്ലാത്തവരുടെ TA/NRA അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. TA/NRA അപേക്ഷകൾ ഫോർവേർഡ് ചെയ്യുന്ന വേളയിൽ അതാത് ജീവനക്കാർക്ക് ഹയർസെക്കന്ററി വിഭാഗത്തിൽ നിന്നുള്ള ക്രെഡിറ്റ്കാർഡ് ലഭ്യമായിട്ടുണ്ടെന്ന് പ്രിൻസിപ്പൽമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും ബൈട്രാൻസ്ഫറായി ഹയർസെക്കന്ററിയിൽ നിയമനം നേടിയ ജീവനക്കാർക്കും TA/NRA അപേക്ഷ സമർപ്പിക്കുമ്പോൾ ഹയർസെക്കന്ററി വിഭാഗത്തിൽ നിന്നും നൽകപ്പെട്ടിട്ടുള്ള ക്രെഡിറ്റ് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതായിരിക്കും.

നിയമനാംഗീകാരം വൈകിയതിനെത്തുടർന്ന് മുൻകാല ശമ്പളം പി.എഫ് ൽ ലയിപ്പിക്കപ്പെട്ടിട്ടുള്ള ജീവനക്കാർ TA/NRA അപേക്ഷ നൽകുമ്പോൾ പ്രസ്തുത തുകയുടെ 5 വർഷ ലോക്ക് ഇൻ കാലാവധി പൂർത്തിയായ ശേഷം മാത്രമേ ടി തുകയ്ക്കുള്ള TA/NRA അപേക്ഷിക്കാൻ പാടുള്ളൂ. മേൽ വിഷയം പ്രിൻസിപ്പൽമാരും, ആർ.ഡി.ഡി മാരും കർശനമായി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ലോക്ക് ഇൻ പിരീഡ് കണക്കാക്കാതെ ടി തുക ഉൾപ്പെടുത്തി TA/NRA അപേക്ഷ ഫോർവേർഡ് ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം സ്കൂൾ പ്രിൻസിപ്പലിനായിരിക്കും. ക്ലോഷർ, അഡ്മിഷൻ, ടൈപ്പ് ചെയ്ഞ്ച്, ട്രാൻസ്ഫർ ക്രെഡിറ്റ് മുതലായവ മുൻപ് സമർപ്പിച്ച പ്രകാരം തന്നെ ഓൺലൈനിനോടൊപ്പം ഹാർഡ് കോപ്പിയും സമർപ്പിക്കേണ്ടതാണ്.

Digitally signed by UMESH N S K
Date: 08-01-2026 13:48:01

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. എല്ലാ ആർ.ഡി.ഡി മാർക്കും
2. എല്ലാ എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും